**OFFICE OF THE COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org


No. R1. 895/2015 Dated: 16/10/2018

## കൊച്ചിൻ ദേവസ്വം ബോർഡ്
## Website പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് വക കിഴക്കേ പള്ളിത്താമത്തിൽ തൃശ്ശൂർ റൗണ്ട് നോർത്തിൽ പെട്രോൾ പമ്പിന് സമീപം കൊച്ചിൻ ദേവസ്വം ബോർഡ് വക സ്ഥലം നിബന്ധനകൾക്ക് വിധേയമായി താൽക്കാലിക കച്ചവടം, മേളകൾ, Trade Fair, വാഹന പാർക്കിംഗ് എന്നിവക്കായി വാടകയ്ക്ക് എടുക്കുവാൻ താൽപ്പര്യമുള്ളവരിൽ നിന്നും മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടറുകൾ സഹിതം കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശ്ശൂരിൽ മാറാവുന്ന 10,000/- കയുടെ DD നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾ 2018 ഒക്ടോബർ മാസം 30-ാം തിയ്യതി 3 മണിക്ക് മുമ്പായി തൃശ്ശൂർ റൗണ്ട് നോർത്തിൽ സ്ഥിതി ചെയ്യുന്ന കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ ലഭിക്കേണ്ടതാണ്.

ലഭിച്ച ടെണ്ടറുകൾ അന്നേ ദിവസം 3.15 മണിക്ക് ഹാജരുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ടെണ്ടർ ദേവസ്വം ബോർഡിന് ഗുണകരമല്ലെന്ന് കണ്ടാൽ നിറുത്തി വെക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും താഴെ ഒപ്പു വക്കുന്ന ആൾക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ടെണ്ടറുകൾ ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് ഉറപ്പിക്കുന്ന സമയം ടെണ്ടർ സംഖ്യ മുഴുവനായും GST അടക്കം കൊച്ചിൻ ദേവസ്വം ബോർഡിൽ അടക്കേണ്ടതാണ്. സംഖ്യ അടക്കാത്ത പക്ഷം ലേലസംഖ്യക്ക് തുല്യമായ ബാങ്ക് ഗ്യാരണ്ടി സമർപ്പിക്കേണ്ടതാണ്.

1) ടെണ്ടർ ലഭിക്കുന്നവർ അവരവരുടെ സ്വന്തം ചിലവിൽ ദേവസ്വം ബോർഡ് നിബന്ധനകൾക്ക് വിധേയമായി ഒരു എഗ്രിമെന്റ് വക്കേണ്ടതാണ്.

2) നടത്തുന്ന ഏത് ആവശ്യത്തിനും ആവശ്യമായ സർക്കാർ ലൈസൻസ്, മറ്റ് അനുബന്ധ രേഖകൾ തുടങ്ങിയവ അവരവരുടെ സ്വന്തം ചിലവിൽ ലഭ്യമാക്കേണ്ടതാണ്.

3) മേൽ കാണിച്ച സ്ഥലത്ത് ആവശ്യമായ വൈദ്യുതി കണക്ഷൻ ടെണ്ടർ ലഭിക്കുന്നവർ അവരവരുടെ സ്വന്തം ചിലവിൽ തൃശ്ശൂർ കോർപ്പറേഷനിൽ നിന്നും എടുക്കേണ്ടതാണ്.

ഉത്തരവിൻപടി
(ഒപ്പ്)
സെക്രട്ടറി
കൊച്ചിൻ ദേവസ്വം ബോർഡ്

കൊച്ചിൻ ദേവസ്വം ബോർഡ് കാര്യാലയം
റൗണ്ട് നോർത്ത് - തൃശ്ശൂർ
ഫോൺ : 0487-2331124
തിയ്യതി - 16/10/2018